ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി

179(890) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ വെണ്ടോറയിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഡിസ്പെൻസറി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം തുടങ്ങേണ്ട ആയുർവേദ ഡിസ്പെൻസറികളുടെ സ്ഥലനിർണ്ണയകാര്യത്തിൽ സർക്കാർ തീരുമാനം ഒന്നും എടുത്തിട്ടില്ല.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി

180(891) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് നിയോജകമണ്ഡലത്തിൽ ഉള്ളതിനേക്കാൾ റാന്നി നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറികൾ കുറവാണോ എന്ന് വ്യക്തമാക്കുമോ;

(സി) റാന്നി നിയോജകമണ്ഡലത്തിൽ ഏറ്റവുമൊടുവിൽ ഹോമിയോ ഡിസ്പെൻസറി അനുവദിച്ചത് ഏത് വർഷമാണ്;

(ഡി) അവശേഷിക്കുന്ന പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചിറ്റാർ, റാന്നി-അനങ്ങാടി, റാന്നി-പഴവങ്ങാടി, റാന്നി-പെരുനാട്, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല.

(ബി) അല്ല. സംസ്ഥാനത്തുള്ള മൊത്തം പഞ്ചായത്തുകളിൽ വെറും 474 എണ്ണത്തിൽ മാത്രമേ ഹോമിയോ ഡിസ്പെൻസറികൾ നിലവിലുള്ളൂ.

(സി) 1996-ൽ

(ഡി) നടപ്പുവർഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഒന്നും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly